Circular 2/Gen/2021

# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം 686004
Phone: 0481 2572890, Website: ossae.org,
ossaebodhanam.org, email: dgossae@gmail.com

## വിജ്ഞാപനം

## പരീക്ഷകളും സഹപാഠ്യമത്സരങ്ങളും

ബഹു. അച്ചൻ, പ്രിയ സഹപ്രവർത്തകരേ,

സൺഡേസ്കൂൾ പരീക്ഷകളെയും, സഹപാഠ്യ മത്സരങ്ങളെയും സംബന്ധിക്കുന്ന വിജ്ഞാപനം അയയ്ക്കുന്നു. എല്ലാ യൂണിറ്റുകളിലും ഈ വിജ്ഞാപനത്തിന്റെ രണ്ടു കോപ്പികൾ ലഭിച്ചു എന്നു ഇൻസ്പെക്ടർമാർ ഉറപ്പാക്കണം. ഒന്ന് ബഹു. വികാരിക്കും, മറ്റൊന്ന് സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകനും/അദ്ധ്യാപികയ്ക്കും. അദ്ധ്യാപകയോഗം കൂടി ഈ സർക്കുലർ എല്ലാ അദ്ധ്യാപകരേയും വായിച്ചു കേൾപ്പിക്കേണ്ടതാണെങ്കിലും, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ Whatsapp Group-ൽ ലഭ്യമാക്കുന്ന ഈ വിജ്ഞാപനത്തിന്റെ കോപ്പി എല്ലാ അദ്ധ്യാപകരും കാണുന്ന വിധത്തിൽ അദ്ധ്യാപക ഗ്രൂപ്പുകളിൽ ലഭ്യമാക്കണം.

### A. പരീക്ഷകൾ

1. 2020-ലെ കോവിഡ് പശ്ചാത്തലത്തിൽ online ആയിട്ടാണ് നാം പരീക്ഷകൾ നടത്തിയത്. MCQ മാതൃകയിലുള്ള ചോദ്യങ്ങളാണ് നാം ഉൾപ്പെടുത്തിയിരുന്നത്. ദൈവകൃപയാൽ വളരെ വിജയപ്രദമായി പ്രസ്തുത പരീക്ഷകൾ നടത്തുവാൻ സാധിച്ചു എന്നതുകൊണ്ട് തുടർന്നും ഈ രീതി തന്നെ അവലംബിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ കഴിഞ്ഞ വർഷത്തേതിൽനിന്നും വ്യത്യസ്ഥമായി ഈ വർഷം പള്ളികളിലോ, പരീക്ഷാ സെന്ററുകളിലോ വന്നിരുന്നുതന്നെ പരീക്ഷ എഴുതുവാനാണ് ക്രമീകരണം ചെയ്തിരിക്കുന്നത്. കോവിഡ് പ്രോട്ടോകോൾ നിലവിലുണ്ട് എങ്കിൽ അത് അനുസരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം.

2. **പരീക്ഷാതീയതിയും സമയവും**

| പരീക്ഷ | ക്ലാസ്സ് | തീയതി | സമയം |
|---|---|---|---|
| പ്രൈവറ്റ് വിദ്യാർത്ഥികൾ | 11, 12 | മെയ് 29 ശനി | 4 പി.എം. |
| അർദ്ധവാർഷിക പരീക്ഷ | 5, 6<br>7, 8, 9 | ജൂൺ 27 ഞായർ<br>ജൂൺ 27 ഞായർ | 10.30 എ.എം.<br>12 Noon |
| അർദ്ധവാർഷിക പരീക്ഷ | 10<br>11, 12 | ജൂൺ 27 ഞായർ<br>ജൂൺ 27 ഞായർ | 2 പി.എം.<br>3.30 പി.എം. |
| വാർഷിക പരീക്ഷ | 8, 9<br>5, 6, 7 | ഡിസംബർ 4 ശനി<br>ഡിസംബർ 5 ഞായർ | 4 പി.എം.<br>11 എ.എം. |
| പൊതു പരീക്ഷ | 10<br>11, 12 | ഡിസംബർ 11 ശനി<br>ഡിസംബർ 11 ശനി | 2 പി.എം.<br>4 പി.എം. |

**1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പരീക്ഷ** സൗകര്യപ്രദമായ സമയം നിശ്ചയിച്ച് ഹെഡ്മാസ്റ്റർമാരുടെ ചുമതലയിൽ നടത്തേണ്ടതാണ്.

വാർഷിക പരീക്ഷകൾ കേന്ദ്രത്തിൽ നിന്നും നേരിട്ട് online ആയി നടത്തുന്നതുകൊണ്ട്, പ്രത്യേക **മത്സര പരീക്ഷ** ഉണ്ടായിരിക്കുന്നതല്ല. **വാർഷിക പരീക്ഷയിൽ A+ ലഭിക്കുന്ന വിദ്യാർത്ഥികളുടെ result format inspector-ക്ക് ഹെഡ്മാസ്റ്റർ അയച്ചുകൊടുക്കണം.**

ഡയറക്ടർ ജനറൽ നിർദ്ദേശിക്കുന്ന പരീക്ഷാ തീയതിക്കോ സമയത്തിനോ മാറ്റം വരുത്തുവാൻ ആർക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

**3. ചോദ്യങ്ങളുടെ മാതൃക**

ഓരോ ക്ലാസിലെയും MCQ മാതൃകയിലുള്ള ചോദ്യങ്ങളുടെ എണ്ണവും അനുവദിക്കപ്പെട്ട സമയവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഗലീലി വിഭാഗം (5, 6, 7) | 40 ചോദ്യങ്ങൾ | 60 മിനിറ്റ്സ് |
| യരുശലേം വിഭാഗം (8, 9) | 50 ചോദ്യങ്ങൾ | 60 മിനിറ്റ്സ് |
| ക്ലാസ് 10 | 60 ചോദ്യങ്ങൾ | 60 മിനിറ്റ്സ് |
| താബോർ വിഭാഗം (11, 12) | 50 ചോദ്യങ്ങൾ | 50 മിനിറ്റ്സ് |
| ക്ലാസ് 12 (പ്രൈവറ്റ്) | 90 ചോദ്യങ്ങൾ | 90 മിനിറ്റ്സ് |

**അർദ്ധവാർഷിക പരീക്ഷയ്ക്കും** ഇതേ മാതൃക തന്നെയാണ് സ്വീകരിക്കുന്നത്. Schedule of Work അനുസരിച്ച് അർദ്ധവാർഷിക പരീക്ഷയ്ക്കുമുമ്പു പഠിക്കേണ്ട ഭാഗത്തുനിന്നാണ് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നത്.

**കുട്ടികളുടെ പ്രമോഷന്റെ** മാനദണ്ഡങ്ങൾ സ്റ്റാഫ് കൗൺസിൽ കൂടി ആലോചിച്ച് നിശ്ചയിക്കണം. വാർഷിക പരീക്ഷയുടെ ഗ്രേഡിന്റെ അടിസ്ഥാനത്തിലോ, അർദ്ധ വാർഷിക പരീക്ഷകൂടി പരിഗണിച്ചോ നിശ്ചയിക്കാവുന്നതാണ്.

**4. ഗ്രേഡ് നിശ്ചയിക്കുക** മാർക്കിന്റെ മാനദണ്ഡം ചുവടെ ചേർക്കുന്നു.

| A+ | A | B+ | B | C+ | C | D |
|---|---|---|---|---|---|---|
| 91 - 100% | 81 - 90% | 71-80% | 61-70% | 51-60% | 41-50% | 35-40% |

ഗ്രേഡ് ലഭിച്ചിട്ടില്ലാ എങ്കിൽ വിദ്യാർത്ഥി പരാജയപ്പെട്ടതായി കണക്കാക്കുക.

**5. പൊതുപരീക്ഷകൾ**

1. **വേദപഠന സർട്ടിഫിക്കേറ്റ്** (ക്ലാസ് 10): കേന്ദ്രത്തിൽ നടക്കുന്ന 10-ാം ക്ലാസ് പൊതുപരീക്ഷ ജയിക്കുന്നവർക്ക് വേദപഠന സർട്ടിഫിക്കേറ്റാണ് നല്കുന്നത്.
2. **സൺഡേസ്കൂൾ വേദപ്രവീൺ ഡിപ്ലോമ:** കേന്ദ്രത്തിൽ നടത്തുന്ന 12-ാം ക്ലാസ് പരീക്ഷ പാസാകുന്നവർക്ക് വേദപ്രവീൺ ഡിപ്ലോമ സർട്ടിഫിക്കേറ്റാണ് നല്കുന്നത്.

11-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്കുകൂടി പരിഗണിച്ചാണ് വേദപ്രവീൺ ഡിപ്ലോമയുടെ ഗ്രേഡ് നിശ്ചയിക്കുന്നത്.

പ്രൈവറ്റായി ഈ പരീക്ഷ എഴുതുന്നവർക്ക് 11, 12 ക്ലാസ്സുകളിലെ ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരീക്ഷ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

ഇത് ദ്വിവത്സര കോഴ്സ് ആയതിനാൽ വിദ്യാർത്ഥി പത്താംക്ലാസ് പരീക്ഷ പാസായിക്കഴിഞ്ഞ് രണ്ടാം വർഷം മാത്രമേ പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.

**6. വേദപ്രവീൺ പരീക്ഷ എഴുതുന്നവർ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.**

1. സൺഡേസ്കൂളിൽ മൂന്നു ക്ലാസ്സെങ്കിലും online ആയോ offline ആയോ പഠിപ്പിച്ചിരിക്കണം.
2. ഡയറക്ടർ ക്രമീകരിച്ചിരിക്കുന്ന ഒരു ഓറിയന്റേഷൻ ക്ലാസ്സിൽ സംബന്ധിച്ച്, അതിന്റെ ചുരുക്കം എഴുതി ഇൻസ്പെക്ടർ മുഖേന ഡയറക്ടറെ ഏല്പിക്കണം.
3. ഒരു പ്രോജക്ട് ചെയ്ത് റിപ്പോർട്ടു തയ്യാറാക്കി ഇൻസ്പെക്ടർ മുഖേന ഡയറക്ടറെ ഏല്പിക്കണം.

**7. വേദപ്രവീൺ പ്രൈവറ്റ് പരീക്ഷ**

**വേദപ്രവീൺ ഡിപ്ലോമ പ്രൈവറ്റ് വിദ്യാർത്ഥികൾക്കു വേണ്ടി 2021 മെയ് 29-നു നടത്തുന്ന പരീക്ഷയുടെ വിശദവിവരങ്ങൾ.** നിശ്ചിത അപേക്ഷാഫോറം ossae.org എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്തോ, കേന്ദ്ര ഓഫീസിൽ നിന്നും വാങ്ങിയോ പൂരിപ്പിച്ച് ഏപ്രിൽ 15-ന് അകം ഡയറക്ടർമാർ മുഖേന കേന്ദ്ര ഓഫീസിൽ എത്തിക്കണം. സൺഡേസ്കൂളിൽ 3 ക്ലാസ്സെങ്കിലും online ആയോ offline ആയോ പഠിപ്പിച്ചിട്ടുള്ള പരീക്ഷാർത്ഥികളുടെ അപേക്ഷകൾ ഹെഡ്മാസ്റ്ററുമാരുടെയും വികാരിയുടെയും ഒപ്പിട്ട് ഇൻസ്പെക്ടർമാരെ മാർച്ച് 31-ന് മുമ്പ് 100 രൂപ ഫീസ് സഹിതം ഏല്പിക്കണം. ഡയറക്ടർ അപേക്ഷകൾ ശേഖരിച്ച് ഏപ്രിൽ 15-നു മുമ്പ് കേന്ദ്ര ഓഫീസിൽ എത്തിക്കണം.

ഈ പരീക്ഷ എഴുതുന്നവർ ഓറിയന്റേഷൻ ക്ലാസ്സിൽ പങ്കെടുത്തതിന്റെ ഒരു പേജിൽ കുറയാത്ത ഒരു സമ്മറിയും, ഹെഡ്മാസ്റ്ററും, ഡയറക്ടറും countersign ചെയ്ത / പ്രോജക്ട് റിപ്പോർട്ടും ഡയറക്ടർ ഏപ്രിൽ 30-ന് മുമ്പായി കേന്ദ്രത്തിൽ എത്തിക്കണം. **സ്വീകരിക്കപ്പെട്ട അപേക്ഷകൾക്ക് കേന്ദ്രത്തിൽ നിന്നും രജിസ്ട്രേഷൻ നമ്പർ നല്കും.** ഈ നമ്പർ ഉപയോഗിച്ച് മെയ് 29-ന് ഇൻസ്പെക്ടർ ക്രമീകരിക്കുന്ന സെന്ററിൽവച്ച് ഡയറക്ടറുടെ മേൽനോട്ടത്തിൽ online പരീക്ഷകൾ MCQ മാതൃകയിൽ പരീക്ഷ എഴുതേണ്ടതാണ്.

ഇക്കഴിഞ്ഞ പരീക്ഷയിൽ പരാജയപ്പെട്ടവർക്കും സാങ്കേതിക പ്രശ്നങ്ങൾ കാരണം പരീക്ഷ പൂർത്തിയാക്കുവാൻ സാധിക്കാത്തവർക്കും ഈ പരീക്ഷയിൽ പങ്കെടുക്കാം. 100 രൂപ ഫീസ് അടച്ച് മേൽപറഞ്ഞ പ്രകാരം അപേക്ഷകൾ നല്കുകയും മറ്റു നിബന്ധനകൾ പാലിക്കുകയും 11, 12 ക്ലാസുകളിലെ ഒന്നിച്ചുള്ള പരീക്ഷ എഴുതുകയും വേണം. (Whole syllabus)

കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നിർദ്ദേശം അനുസരിച്ച് 11-ാം ക്ലാസ് പരീക്ഷയുടെ ഫലം മെച്ചപ്പെടുത്തുവാനുള്ള ഒരു പരീക്ഷയും അന്നേ ദിവസം നടക്കും. അവരുടെ അപേക്ഷകളും 100 രൂപ ഫീസ് സഹിതം ഇൻസ്പെക്ടർമാർ ഏപ്രിൽ 15-നു മുമ്പ് കേന്ദ്രത്തിൽ എത്തിക്കണം. ഈ പരീക്ഷയ്ക്ക് കഴിഞ്ഞ 11-ാം ക്ലാസ് പരീക്ഷയ്ക്ക് പഠിച്ച പാഠഭാഗങ്ങൾ മാത്രമാണ് ഉൾപ്പെടുത്തുന്നത്.

**8. 10, 11, 12 ക്ലാസുകളിലെ രജിസ്ട്രേഷൻ**

To be completed before 2021 October 15

2021 ഡിസംബറിൽ നടക്കുന്ന പൊതുപരീക്ഷകൾക്ക് online രജിസ്ട്രേഷൻ ആണ് ക്രമീക

രിച്ചിരിക്കുന്നത്. OSSAE Exam app ഡൗൺലോഡ് ചെയ്തിട്ട് കുട്ടികൾ വിശദവിവരങ്ങൾ ചേർത്ത് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാഫീസായ 100 രൂപ സ്വീകരിച്ചശേഷം, പ്രധാന അദ്ധ്യാപകർ അപേക്ഷകൾ ഇൻസ്പെക്ടർക്ക് ഫോർവേർഡ് ചെയ്യണം. അതോടൊപ്പം 12-ാം ക്ലാസ് വിദ്യാർത്ഥികളുടെ Orientation report, Project report എന്നിവ ഇൻസ്പെക്ടറെ ഏല്പിക്കണം. ഇൻസ്പെക്ടർ അവ പരിശോധിച്ചശേഷം തൃപ്തികരമെങ്കിൽ (see para 6) 12-ാം ക്ലാസിലെ അപേക്ഷകൾ ഡയറക്ടർക്കു ഫോർവേർഡ് ചെയ്യണം. 10, 11 ക്ലാസുകളിലെ അപേക്ഷകൾ ഇൻസ്പെക്ടർതന്നെ approve ചെയ്യണം. ഇതു ചെയ്യുമ്പോൾ മാത്രമേ വിദ്യാർത്ഥിക്ക് രജിസ്റ്റർ നമ്പർ ലഭിക്കുകയുള്ളു. ഇൻസ്പെക്ടർ 12-ാം ക്ലാസിലെ അപേക്ഷകൾ ഡയറക്ടർക്കു ഫോർവേർഡ് ചെയ്യുന്നതോടൊപ്പം Orientation report, Project report എന്നിവ ഡയറക്ടറെ ഏല്പിക്കണം. അപേക്ഷകൾ ഡയറക്ടർ പരിശോധിച്ച് തൃപ്തികരമെങ്കിൽ approve ചെയ്യണം. അപ്പോൾ മാത്രമാണ് 12-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ ലഭിക്കുക. റിപ്പോർട്ടുകൾ ഡയറക്ടർ സൂക്ഷിച്ചാൽ മതിയാകും.

10, 11, 12 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസ് കേന്ദ്ര ഓഫീസിൽ അടയ്ക്കുന്ന ഉത്തരവാദിത്തം ഇൻസ്പെക്ടർമാർക്കായിരിക്കും എന്നതുകൊണ്ട് എല്ലാ അപേക്ഷകരുടെയും പരീക്ഷാഫീസ് ലഭിച്ചുവെന്ന് ഉറപ്പാക്കണം.

(2021 മെയ് 29-നു നടക്കുന്ന പ്രൈവറ്റ് വിദ്യാർത്ഥികളുടെ പരീക്ഷകളുടെ രജിസ്ട്രേഷൻ വ്യത്യസ്തരീതിയിലാണെന്നു കഴിഞ്ഞ പാരഗ്രാഫിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കുക.)

9. റഗുലർ വിദ്യാർത്ഥികൾ എന്നാൽ 2021-ൽ സൺഡേസ്കൂളിൽ പഠിക്കുന്നവരാണ്. പ്രൈവറ്റ് വിദ്യാർത്ഥികൾ എന്നാൽ, 2021-നു മുമ്പ് ഏതെങ്കിലും വർഷം സൺഡേസ്കൂളിൽ പഠിച്ചിരുന്നവർ പഠിത്തം പൂർത്തീയാക്കാതെയോ പരീക്ഷ എഴുതാതെയോ പരീക്ഷയിൽ പരാജയപ്പെട്ടിട്ടോ വീണ്ടും എഴുതുന്നവരാണ്. സൺഡേസ്കൂൾ പഠനത്തിന് അവസരം ലഭിക്കാതിരുന്നവർക്ക് അവർ 17 വയസ് പൂർത്തിയാക്കാൻ 10-ാം ക്ലാസിലും 19 വയസ്സു പൂർത്തിയായാൽ 12-ാം ക്ലാസിലും പ്രൈവറ്റായി പരീക്ഷ എഴുതാം. അവർക്ക് പ്രൈവറ്റ് ഗണത്തിൽ ഉൾപ്പെടും. **12-ാം ക്ലാസ് പരീക്ഷ പ്രൈവറ്റായി എഴുതുന്നവർ 10-ാം ക്ലാസ് പരീക്ഷ പാസായവരായിരിക്കണം. എന്നാൽ സൺഡേസ്കൂൾ അദ്ധ്യാപകർക്കും, നാല്പതു വയസു കഴിഞ്ഞവർക്കും ഈ കാര്യത്തിൽ ഇളവുണ്ട്.**

## B. സഹപാഠ്യ മത്സരങ്ങൾ

**മത്സര തീയതികൾ**

1. സ്കൂൾ തലം — 2021 ആഗസ്റ്റ് 15 ഞായർ
2. ഡിസ്ട്രിക്ട് തലം — 2021 സെപ്റ്റംബർ 11 ശനി
3. ഭദ്രാസന തലം — 2021 ഒക്ടോബർ 9 ശനി
4. സോണൽ തലം — 2021 നവംബർ 13 ശനി
5. സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ — 2022 ജനുവരി 8 ശനി
   (വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ, വേദവചനഭൂഷൺ)

ഭദ്രാസന, സോണൽ മത്സരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന തീയതികളിൽ തന്നെ നടത്തേണ്ടതാണ്. സ്കൂൾതലം, സ്കൂളുകളുടെ സൗകര്യം അനുസരിച്ച് ഡിസ്ട്രിക്ട് മത്സരത്തിനു മുമ്പായി നടത്താവുന്നതാണ്. ഡിസ്ട്രിക്ട് തലം, ഭദ്രാസന ഡയറക്ടറുമായി ആലോചിച്ച് ആവശ്യമെങ്കിൽ മാറ്റാവുന്നതാണ്.

**മത്സരവിഭാഗങ്ങൾ**

| ക്ലാസ് | വിഭാഗം | ജനനതീയതി |
|---|---|---|
| **ബേത്‌ലഹേം ക്ലാസ്സു മുതൽ 10 വരെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ** | സബ് ജൂണിയർ | 01-01-2012 നോ അതിനു ശേഷമോ ജനിച്ചവർ |
| | ജൂണിയർ | 01-01-2009 മുതൽ 31-12-2011 വരെ ജനിച്ചവർ |
| | സീനിയർ | 01-01-2004 മുതൽ 31-12-2008 വരെ ജനിച്ചവർ |
| **11, 12 സൺഡേസ്കൂൾ ക്ലാസുകളിൽ പഠിക്കുന്നവർ** | ഹയർ സെക്കണ്ടറി | 01-01-2002 നോ അതിനുശേഷമോ ജനിച്ച വർ |

വിദ്യാർത്ഥി പ്രായം അനുസരിച്ച് ഏതു വിഭാഗത്തിൽപ്പെടുന്നുവോ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കുവാൻ അനുവാദമുള്ളു.

* **11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ മാത്രമെ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഉൾപ്പെടുകയുള്ളു.**
* **പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ളവർ മറ്റു വിഭാഗത്തിലോ മറ്റു വിഭാഗത്തിലുള്ളവർ ഈ വിഭാഗത്തിലോ മത്സരിക്കുവാൻ പാടില്ല.**
* ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ടുതവണ (2 വർഷം) മാത്രമെ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളു.

**മത്സര ഇനങ്ങൾ**

| | |
|---|---|
| സബ് ജൂണിയർ | പ്രസംഗം, സംഗീതം |
| ജൂണിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം |
| സീനിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം |
| ഹയർസെക്കണ്ടറി | പൊതുവിജ്ഞാനം, ഉപന്യാസം, വേദവാക്യം, പരിശുദ്ധ ഔഗേൻ ബാവ അനുസ്മരണ പ്രസംഗം |

**പ്രസംഗമത്സരം**

| വിഭാഗം | പ്രസംഗവിഷയങ്ങൾ |
|---|---|
| സബ്ജൂണിയർ | (1) നല്ല സ്നേഹിതൻ (2) നല്ല ശീലങ്ങൾ |
| ജൂണിയർ | (1) നമുക്കു നമസ്കരിക്കാം (2) ഒരുമയോടെ ജീവിക്കാം |
| സീനിയർ | **സ്കൂൾതലം മുതൽതന്നെ** 10 മിനിറ്റ് മുമ്പ് മാത്രമായിരിക്കും പ്രസംഗ വിഷയം നൽകുന്നത് |
| ഹയർസെക്കണ്ടറി | പരിശുദ്ധ ഔഗേൻ ബാവ അനുസ്മരണ പ്രസംഗം (പേജ് 5 കാണുക) |

* തന്നിരിക്കുന്നതിൽ ഒരു വിഷയം ജഡ്ജസിന്റെ സാന്നിദ്ധ്യത്തിൽ മാത്രം നറുക്കിട്ട് തെരഞ്ഞെടുത്ത് ഓരോരുത്തർക്കും 5 മിനിറ്റ് മുമ്പ് മാത്രം നൽകണം.
* പ്രസംഗസമയം 5 മിനിട്ടായിരിക്കും.
* പ്രസംഗമത്സരങ്ങൾക്ക് വാണിംഗ് ബെല്ലും ഫൈനൽ ബെല്ലും നൽകുന്ന രീതിയും അതു നൽകുന്ന സമയവും മത്സരം ആരംഭിക്കുന്നതിനു മുമ്പ് (പങ്കെടുക്കുന്ന കുട്ടികളും ജഡ്ജസും സന്നിഹിതരായിരിക്കുമ്പോൾ) പരസ്യമായി മത്സരവേദിയിൽ ബോദ്ധ്യപ്പെടുത്തണം. വാണിംഗ് ബെൽ ഫൈനൽ ബെല്ലിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കണം.

* **സീനിയർ വിഭാഗത്തിൽ ഡിസ്ട്രിക്ട് തലത്തിൽ പ്രസംഗ വിഷയം ഭദ്രാസന ഡയറക്ടർ നല്കേണ്ടതാണ്.**
* **വിലയിരുത്തൽ മാനദണ്ഡം:** ഭാഷാശൈലി, ആശയം, അവതരണം.

**സംഗീത മത്സരം**

* സമയം 3 മിനിറ്റ് * മലയാള ക്രിസ്തീയഗാനങ്ങൾ മാത്രം * ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല * **വിലയിരുത്തൽ മാനദണ്ഡം:** ശ്രുതി, ലയം, താളം, അവതരണം.

**സമൂഹഗാന മത്സരം**

* സമയം 3 മിനിറ്റ് * ഒരു ഗ്രൂപ്പിൽ മൂന്നു പേരിൽ കൂടുവാൻ പാടില്ല * തിരഞ്ഞെടുക്കപ്പെട്ട മലയാളത്തിലുള്ള ആരാധനാ ഗീതങ്ങൾ മാത്രമേ പാടാവൂ.
* 2021-ലെ മത്സരങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ട ഗീതങ്ങൾ: **കൂദാശക്രമത്തിലെ വി. മാമ്മോദീസായുടെ ഗീതങ്ങൾ** മാത്രം.
* **വിലയിരുത്തൽ മാനദണ്ഡം:** ശ്രുതി, ലയം, താളം, അവതരണം, ശബ്ദഏകീകരണം.

**വാക്യ മത്സരം**

* സമയം 45 മിനിറ്റ് "തങ്കവാക്യ പുസ്തകം" ആദ്യത്തെ 25 വിഷയങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ജൂണിയർ വിഭാഗത്തിൽ ചോദ്യങ്ങൾ ഉണ്ടാകുക. * സീനിയർ വിഭാഗത്തിന് തങ്കവാക്യപുസ്തകത്തിലെ എല്ലാ വിഷയങ്ങളും ഉണ്ടാകും. 2018-ൽ പ്രസിദ്ധീകരിച്ച തങ്കവാക്യപുസ്തകം റഫറൻസിനായി ഉപയോഗിക്കാവുന്നതാണ്. ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന മലയാള വേദപുസ്തകം ആയിരിക്കും പാഠരൂപത്തിന് (Text) ആധാരമാക്കുന്നത്.

**പൊതുവിജ്ഞാനമത്സരം**

* സമയം 45 മിനിറ്റ്. "പൊതുവിജ്ഞാനപഠനസഹായി" എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ.

  വാക്യമത്സരത്തിനും പൊതുവിജ്ഞാനത്തിനും അതത് മത്സരകേന്ദ്രങ്ങളിൽ ഉത്തരക്കടലാസ് പരിശോധിച്ച് ഫലം പ്രഖ്യാപിക്കണം. (സോണൽ മത്സരങ്ങളിൽ ഒഴികെ)

**സോണൽ മത്സരങ്ങൾ**

2021 നവംബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താഴെപ്പറയുന്ന കേന്ദ്രങ്ങളിൽവച്ച് മത്സരങ്ങൾ ആരംഭിക്കുന്നതായിരിക്കും.

**സോണുകൾ**

| **സോൺ** | **ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ**<br>ചീഫ് സൂപ്രണ്ടന്മാരും മത്സരം നടക്കുന്ന സ്ഥലങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും. |
|---|---|
| 1. മലബാർ സോൺ | കുന്നംകുളം, മലബാർ, സുൽത്താൻ ബത്തേരി ഭദ്രാസനങ്ങൾ |
| 2. നോർത്ത് സോൺ | തൃശൂർ, കൊച്ചി, കണ്ടനാട് വെസ്റ്റ്, കണ്ടനാട് ഈസ്റ്റ്, അങ്കമാലി ഭദ്രാസനങ്ങൾ |
| 3. സെൻട്രൽസോൺ | നിരണം, കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി ഭദ്രാസനങ്ങൾ |
| 4. സൗത്ത് സെൻട്രൽ സോൺ | മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ ഭദ്രാസനങ്ങൾ |
| 5. സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര-പുനലൂർ, അടൂർ-കടമ്പനാട് ഭദ്രാസനങ്ങൾ |

**ജഡ്ജസ്:** സോണൽ തലത്തിലേക്ക് കേന്ദ്രത്തിൽനിന്ന് ജഡ്ജസിനെ നിശ്ചയിക്കുന്നതാണ്. മറ്റു തലങ്ങളിൽ മത്സരങ്ങൾക്ക് ചീഫ് സൂപ്രണ്ടുമാർ ജഡ്ജസിനെ നേരത്തെതന്നെ നിയോഗിക്കേണ്ടതാണ്. പരാതികൾക്ക് ഇടം നൽകാതെ സൂക്ഷിക്കണം. സംഗീതം, സമൂഹഗാനം എന്നിവയ്ക്കും പ്രസംഗത്തിനും പ്രത്യേകം ജഡ്ജസിനെ ക്രമീകരിക്കുന്നത് നന്നായിരിക്കും. ഒരു ഇനത്തിൽ **രണ്ടു മത്സരാർത്ഥികൾക്ക് ഒരേ മാർക്കിടരുത് എന്നു ചീഫ് സൂപ്രണ്ടുമാർ ജഡ്ജസിനു നിർദ്ദേശം കൊടുക്കണം.**

**ട്രൈബ്യൂണൽ (അപ്പീൽ കമ്മറ്റി):** മത്സരനടത്തിപ്പിൽ പരാതി ഉണ്ടായാൽ മൂന്നുപേരിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയ ഒരു ട്രൈബ്യൂണലിനെ (അപ്പീൽ കമ്മറ്റി) നിയമിക്കേണ്ടതാണ്. ഡിസ്ട്രിക്ട് തലത്തിൽ ഡിസ്ട്രിക്ട് പ്രസിഡന്റും, (അദ്ധ്യക്ഷൻ) മൂന്നു ഹെഡ്മാസ്റ്റർമാരും, ഭദ്രാസനതലത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റും (അദ്ധ്യക്ഷൻ) മൂന്ന് ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരും, സോണൽ തലത്തിൽ ഡി.ജി. നിർദ്ദേശിക്കുന്ന ഒരു ഭദ്രാസന വൈസ് പ്രസിഡന്റും (അദ്ധ്യക്ഷൻ) മൂന്ന് ഭദ്രാസന ഡയറക്ടർമാരും കമ്മറ്റി അംഗങ്ങളായിരിക്കണം. ചീഫ് സൂപ്രണ്ടായിരിക്കും ട്രൈബൂണലിന്റെ കൺവീനർ മത്സരങ്ങളുടെ നടത്തിപ്പു സംബന്ധിച്ചു പരാതി ഉണ്ടായാൽ വിധി പ്രഖ്യാപിക്കുന്നതിനു മുമ്പ് ചീഫ് സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കേണ്ടതും ചീഫ് സൂപ്രണ്ട് ട്രൈബ്യൂണലിന്റെ ആലോചനയോടെ തീരുമാനം എടുക്കേണ്ടതുമാണ്. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും. ഡിസ്ട്രിക്ട് തലത്തിൽ ഹെഡ്മാസ്റ്റർമാർക്കും ഭദ്രാസന തലത്തിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർക്കും സോണൽ തലത്തിൽ ഭദ്രാസന ഡയറക്ടർക്കുമാണു പരാതി നൽകാൻ അർഹതയുള്ളത്. സോണൽ ചീഫ് സൂപ്രണ്ടായി നിയമിക്കപ്പെടുന്ന ഡയറക്ടറുടെ ഭദ്രാസനത്തിൽനിന്നു പരാതി ഉണ്ടായാൽ അത് ഭദ്രാസന സെക്രട്ടറി നൽകേണ്ടതാണ്. മറ്റു പരാതികൾ പരിഗണനാർഹമല്ല. ജഡ്ജസിന്റെ തീരുമാനം സംബന്ധിച്ചു പരാതിക്ക് അവകാശമില്ല. മാർക്ക് ടാബുലേറ്റ് ചെയ്യുവാൻ ഒന്നിലധികം അദ്ധ്യാപകരെ നിയോഗിക്കേണ്ടതും ചീഫ് സൂപ്രണ്ട് അതു പരിശോധിച്ചശേഷം മാത്രം ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

സോണൽ മത്സരത്തിൽ നടക്കുന്ന എഴുത്തുപരീക്ഷകളുടെ ഉത്തരക്കടലാസുകൾ ഭദ്രമായി പായ്ക്ക് ചെയ്ത് നിരീക്ഷകർ വഴി കേന്ദ്രത്തിൽ എത്തിക്കണം. പേപ്പറുകൾ കേന്ദ്രത്തിൽ പരിശോധിച്ച് ഫലം പിന്നാലെ അറിയിക്കുന്നതാണ്.

**മത്സരങ്ങളിൽ റാങ്ക് ബ്രാക്കറ്റഡ് ആയി വന്നാൽ ടാബ്ലേറ്റ് ചെയ്യുവാൻ ചുമതലപ്പെടുത്തപ്പെട്ട ആൾ ചീഫ് സൂപ്രണ്ടിനെ വിവരം അറിയിക്കുകയും ചീഫ് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ രണ്ടു ജഡ്ജസ് കൂടുതൽ മാർക്കിട്ട വിദ്യാർത്ഥിയെ വിജയിയായി പ്രഖ്യാപിക്കേണ്ടതുമാണ്.**

**വിജയികളുടെ പോയിന്റ്:** ഒന്നാം സ്ഥാനത്തിന് 5 പോയിന്റും രണ്ടാം സ്ഥാനത്തിന് 3 പോയിന്റും ആണു കണക്കാക്കേണ്ടത്. പോയിന്റ് കണക്കാക്കുമ്പോൾ പരിശുദ്ധ ഔഗേൻ ബാവാ അനുസ്മരണ പ്രസംഗമത്സരത്തിന്റെ പോയിന്റ് പരിഗണിക്കുന്നതല്ല.

**സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ (വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ, വേദവചനഭൂഷൺ):** ഈ അവാർഡുകൾക്കുള്ള മത്സരങ്ങൾ 2022 ജനുവരി 8-ാം തീയതി ശനിയാഴ്ച സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടത്തുന്നതാണ്. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. എഴുത്തു പരീക്ഷകളുടെ സമയം ഒരു മണിക്കൂർ ആയിരിക്കും.

**വാഗ്മിതിലകം:** സോണൽ സീനിയർ പ്രസംഗമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാവുന്നതാണ്. വിഷയം 10 മിനിറ്റ് മുമ്പ് മാത്രം നൽകും.

**ഗാനസുഗന്ധി:** സോണൽ തലത്തിൽ സീനിയർ സംഗീതമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**വിജ്ഞാനി:** സോണൽ തലത്തിൽ സീനിയർ പൊതുവിജ്ഞാനമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**പ്രവീൺ:** സോണൽ തലത്തിൽ ഹയർസെക്കണ്ടറി പൊതുവിജ്ഞാനത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**വേദവചനഭൂഷൺ:** സോണൽ തലത്തിലെ സീനിയർ വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാം.

**ഒരിക്കൽ ഈ സ്ഥാനങ്ങൾ നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾ തലം മുതൽ തന്നെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുകയില്ല.**

**പരിശുദ്ധ ഔഗേൻബാവ അനുസ്മരണ പ്രസംഗമത്സരം:** ഭദ്രാസനതലത്തിൽ നടക്കുന്ന സഹപാഠ്യ മത്സരത്തോടൊപ്പം ഹയർസെക്കണ്ടറി വിഭാഗത്തിൽ പഠിക്കുന്ന റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമായി പരിശുദ്ധ ഔഗൻ ബാവാ അനുസ്മരണ പ്രസംഗം നടത്തുന്നതാണ്. ഇതിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സോണൽ തല പ്രസംഗമത്സരത്തിൽ പങ്കെടുക്കാം. ഓരോ സോണിലും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്കായിരിക്കും പരിശുദ്ധ ഔഗേൻ ബാവാ സ്മാരക പുരസ്കാരം നൽകുന്നത്. ഔഗേൻ ബാവായുടെ ജീവിതവുമായി ബന്ധപ്പെട്ടു ഒരു വിഷയമായിരിക്കും പ്രസംഗവിഷയം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഭദ്രാസന മത്സരങ്ങൾക്കുമുമ്പ് ഹെഡ്മാസ്റ്റർ മുഖേന പേരുകൾ രജിസ്റ്റർ ചെയ്യണം. കൂടുതൽ കുട്ടികൾ മത്സരിക്കാനുണ്ടെങ്കിൽ ഡിസ്ട്രിക്ട് തലത്തിൽ മത്സരം നടത്താവുന്നതാണ്.

## സൺഡേസ്കൂൾ കരിക്കുലം

5, 12 ക്ലാസുകളിലെ പുസ്തകങ്ങൾ കഴിഞ്ഞ വർഷം പുതുക്കിയതുതന്നെ ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം (2019 എഡിഷൻ). 11-ാം ക്ലാസ്സിലെ രണ്ടാം യൂണിറ്റ് ഇപ്പോൾ 11-ാം ക്ലാസ് സിലബസിന്റെ ഭാഗമല്ല. പഴയ പുസ്തകത്തിന്റെ സ്റ്റോക്ക് തീരുമ്പോൾ പുതിയ പുസ്തകം തയ്യാറാക്കുന്നതാണ്. 10-ാം ക്ലാസ് Part 1 പുസ്തകത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. (2021 edition) എല്ലാ പുസ്തകങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിക്കുകയും അഭിവന്ദ്യ പ്രസിഡന്റ് തിരുമേനിയുടെ നേതൃത്വത്തിൽ പുതിയ കരിക്കുലം കമ്മറ്റി പൊതുയോഗ തീരുമാനപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു.

**ദ സൺഡേസ്കൂൾ:** സൺഡേസ്കൂൾ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ഉദ്ദേശിച്ചു പ്രസിദ്ധീകരിക്കുന്ന 'The Sunday School' വർഷത്തിൽ നാലുവീതം പ്രസിദ്ധീകരിക്കുന്നുണ്ട്. എല്ലാ അദ്ധ്യാപകരും കഴിവുള്ളിടത്തോളം വിദ്യാർത്ഥികളും അതിന്റെ വരിക്കാരാകണമെന്നാണ് പ്രസ്ഥാനം ഉദ്ദേശിക്കുന്നത്. ഡയറക്ടർമാർ ഉത്സാഹിക്കുമല്ലോ. (വാർഷിക വരിസംഖ്യ Rs. 60)

**പരീക്ഷാ കൺട്രോളർ:** പരീക്ഷകളുടെ സുഗമമായ നടത്തിപ്പിലേക്ക് ഡോ. ഐപ്പ് വർഗീസിനെ (Mob: 9446448215) പരീക്ഷകളുടെ അക്കാഡമിക് വിഭാഗം കൺട്രോളറായും, Er.വരുൺ ജോർജ് പണിക്കരെ പരീക്ഷകളുടെ ഡിജിറ്റൽ വിഭാഗം കൺട്രോളറായും (Mob: 9496801401) പ്രസിഡന്റ് തിരുമേനി നിയമിച്ചിട്ടുണ്ട്.

ഈ വിജ്ഞാപനം അനുസരിച്ച് 2021-ലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**റവ. ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

Account No. of OSSAE: Director General 57017053258, SBI Devalokam, IFS Code: SBIN0070820
THE SUNDAY SCHOOL A/c No. 57017053779